# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1026

30.10.2019-ലെ മറുപടി

### ജലനിധി കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.കെ.വിജയൻ | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | എടച്ചേരി ഗ്രാമപഞ്ചായത്തിലെ ജലനിധി ഏറ്റെടുത്ത കമ്മള്ളി കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി എടച്ചേരി ഗ്രാമപഞ്ചായത്തിൽ 37 ചെറിയ കുടിവെള്ള വിതരണ പദ്ധതികളാണ് നടപ്പിലാക്കിയത്. അതിൽ ഒരു പദ്ധതിയായ കമ്മള്ളി - മുല്ലപ്പള്ളി പദ്ധതിയിൽ ജലവിതരണം ആരംഭിച്ച സമയത്ത് തന്നെ കുടിവെള്ളത്തിന് ഗുണനിലവാര പ്രശ്നം ബോധ്യപ്പെട്ടതിനാൽ ടി പദ്ധതിയിൽ നിന്നുമുള്ള പമ്പിംഗ് താൽക്കാലികമായി നിറുത്തി വെച്ചിരിക്കുകയാണ്. |
| (ബി) | 92-ഓളം ഗുണഭോക്താക്കളുള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ നിലവിലെ തടസ്സങ്ങൾ എന്തെന്ന് വിശദമാക്കാമോ; | (ബി) | കുടിവെള്ളത്തിന്റെ ഗുണനിലവാര പ്രശ്നമാണ് നിലവിലെ തടസ്സം. |
| (സി) | തടസ്സങ്ങൾ നീക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | ജലഗുണനിലവാര പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി വാട്ടർ ട്രീറ്റ്മെന്റിനായി എയ്റേഷൻ സംവിധാനം ഒരുക്കിയെങ്കിലും ഗുണനിലവാര പ്രശ്നം പരിഹൃതമായില്ല. തുടർന്ന് പദ്ധതിയിൽ അംഗങ്ങളായ ടി സമിതിയിലെ മുഴുവൻ കുടുംബങ്ങൾക്കും അവരവരുടെ വീടുകളിൽ തന്നെ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള വാട്ടർ ഫിൽട്ടർ യൂണിറ്റായ ടെറാഫിൽ യൂണിറ്റുകൾ നൽകുന്നതിന് തീരുമാനിക്കുകയും ആയതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടെങ്കിൽ പാവപ്പെട്ട ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതം തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | മേൽ വിവരിച്ച സംവിധാനങ്ങൾ വഴി ജലഗുണനിലവാര പ്രശ്നങ്ങൾ പരിഹരിച്ച് ജലവിതരണം ഉടനടി പുനരാരംഭിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ